**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 1713** | **7.03.2018-ൽ മറുപടിക്ക്**

**ആശുപത്രി വ്യവസായ ബന്ധസമിതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അനൂപ് ജേക്കബ്<br>,, സണ്ണി ജോസഫ്<br>,, അൻവർ സാദത്ത്<br>,, പി.ടി. തോമസ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ആശുപത്രി വ്യവസായ ബന്ധസമിതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഏതൊക്കെ കാര്യങ്ങളാണ് പ്രസ്തുത സമിതിയുടെ അധികാരപരിധിയിൽ വരുന്നത്; വ്യക്തമാക്കുമോ; | (ബി) സ്വകാര്യ ആശുപത്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനായി രൂപീകരിച്ചിട്ടുള്ള സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി, സ്വകാര്യ ആശുപത്രി മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളുകയും നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്തു വരുന്നു. |
| (സി) സ്വകാര്യ ആശുപത്രി മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രസ്തുത സമിതി നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (സി) സ്വകാര്യ ആശുപത്രി മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പഠിക്കുവാനും പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുമായി രൂപീകരിച്ചിട്ടുള്ള സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ട്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ പരിശോധിച്ച ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ നഴ്സുമാരുടെ ഡ്യൂട്ടി സമയവുമായി ബന്ധപ്പെട്ട ശിപാർശകൾ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയുടെ പരിഗണനയ്ക്കായി നൽകിയതു പ്രകാരം സ്വകാര്യ ആശുപത്രി മേഖലയിൽ 3 ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുവാൻ സമിതി നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ 8 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുന്നവർക്ക് നിയമാനുസൃതമായ ഓവർടൈം അലവൻസും ജീവനക്കാർക്ക് വീട്ടിലെത്താൻ സൗകര്യമില്ലാത്തപക്ഷം ആശുപത്രികളിൽ റസ്റ്റ് റൂം ലഭ്യമാക്കുന്നതിനും ടി സമിതി ശുപാർശ ചെയ്യുകയുണ്ടായി. കൂടാതെ നഴ്സുമാരുടെ ഡ്യൂട്ടി സമയം സംബന്ധിച്ച് വീരകുമാർ കമ്മിറ്റി നൽകിയ ശിപാർശകൾ വ്യവസായ ബന്ധസമിതി പരിഗണിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം ശമ്പളം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; അതിനെതിരെ ആശുപത്രി ഉടമകൾ കോടതിയെ സമീപിച്ചിട്ടുണ്ടോ; | (ഡി) സ്വകാര്യ ആശുപത്രി മേഖലയിലെ ജീവനക്കാരുടെ മിനിമം വേതന നിരക്കുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള പ്രാഥമിക വിജ്ഞാപനം 16.11.2017 തീയതിയിലെ ഇ 1/375/2017/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനെതിരെ ആശുപത്രി ഉടമകൾ കോടതിയെ സമീപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) സ്വകാര്യ ആശുപത്രി മേഖലയിൽ മിനിമം വേതന വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ട് നടത്തുന്ന സമരം ഒത്തുതീർപ്പാക്കുവാൻ ആശുപത്രി വ്യവസായ ബന്ധസമിതി ഇടപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി മേഖലയിലെ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിനായി 28/10/2016 തീയതിയിലെ സ.ഉ(ആർ.റ്റി) 1334/2016/തൊഴിൽ നമ്പർ പ്രകാരം സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ടി സമിതി നടത്തിയ തെളിവെടുപ്പിന്റെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് സ്വകാര്യ ആശുപത്രി മേഖലയിലെ ജീവനക്കാരുടെ പുതുക്കിയ മിനിമം വേതന നിരക്കുകൾ ഉൾപ്പെടുത്തി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. സ്വകാര്യ ആശുപത്രി നഴ്സുമാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിൽ വ്യവസായ ബന്ധസമിതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.